N-78/Est/2017

## "വളരെ അടിയന്തിരം"

"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

**നം.ഇ8/3279/17/സിഇ/തസ്വഭവ** **തീയതി :27.06.2017**

## സർക്കുലർ

വിഷയം:- തസ്വഭവ - (എൻജിനീയറിംഗ് വിഭാഗം) - ജീവനക്കാര്യം - ക്യാഷൽ/ ദിവസ വേതന/ കരാർ തൊഴിലാളികൾക്ക് ഇ.പി.എഫ് പദ്ധതി സുരക്ഷ ഉറപ്പ് വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1. സർക്കാർ കത്ത് നം. LSGD-ERA3/140/2017-LSGD Dated,01.06.2017
2. ലേബർ വകുപ്പിന്റെ സർക്കുലർ നം. LBRD-E2/40/2017/LBRD Dated,25.04.2017

മേൽ സൂചന സർക്കാർ കത്തിലെ നിർദ്ദേശമനുസരിച്ച് , ഈ വകുപ്പിന് കീഴിലുള്ള അർഹരായ എല്ലാ ക്യാഷൽ/ദിവസ വേതന/കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെയും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിൽ **30.06.2017-ാം തീയതിക്കകം** ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ടി സാഹചര്യത്തിൽ, തദ്ദേശസ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ എല്ലാ നിയന്ത്രണാധികാരികളും (ഡി.ഡി.ഒ -പ്രിൻസിപ്പൽ എംപ്ലോയർ) ബന്ധപ്പെട്ട ജീവനക്കാരെ ഇ.പി.എഫ് പദ്ധതിയിൽ നിശ്ചിത സമയത്തിനകം ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ **അടിയന്തിരമായി** സ്വീകരിക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് വിശദവിവരങ്ങൾക്കായി www.epfindia.gov.in/www.epfindia.com എന്ന വെബ്സൈറ്റുകൾ സന്ദർശിക്കേണ്ടതാണ്. സൂചന കത്തും സർക്കുലറും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഉള്ളടക്കം: സൂചന കത്തും സർക്കുലറും

ചീഫ് എൻജിനീയർ

പകർപ്പ്:

1. എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
(കെ.എസ്.ആർ.ആർ.ഡി.എ/കോർപ്പറേഷൻ/ഉത്തര മേഖല / ദക്ഷിണ മേഖല)
2. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (ജില്ലാപഞ്ചായത്ത്/മുനിസിപ്പാലിറ്റി)
3. എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ( ബ്ലോക്ക് പഞ്ചായത്ത്)
4. എല്ലാ അസിസ്റ്റന്റ് എൻജിനീയർമാർക്കും ( ഗ്രാമപഞ്ചായത്തുകൾ)

S 1076

File No.LSGD-ERA3/140/2017-LSGD

8209
14/6/17

Office of the Chief Engineer
LSGD
9/06/17

**GOVERNMENT OF KERALA**

No: LSGD-ERA3/140/2017-LSGD

Local Self Government (ERA) Department
Thiruvananthapuram,
Dated:01/06/2017

From

Secretary to Government

To

The Commissioner for Rural Deveopment, Thiruvananthapuram.
The Director of Panchayath, Thiruvananthapuram.
The Director of Urban Affairs, Thiruvananthapuram.
The Chief Engineer, LSG(Engineering) Wing, Thiruvananthapuram.
The Chief Town Planner, Thiruvananthapuram.

Sir,

Sub: LSGD - Establishment - Enrolment of casual/daily wages/contract employees deployed by State Public Sector Enterprises, Autonomous bodies and State Govt. Departments under the EPF Act - Employees' Enrolment Campaign, 2017 — Reg.

Ref: Circular No. LBRD-E2/40/2017/LBRD dated 25.04.2017 from the Labour department.

I am to forward herewith the copy of the circular cited and to instruct you to take necessary action to ensure that all eligible daily wages/casual/contract workers under your jurisdiction are enrolled under the Employees Provident Fund Act within the time limit (30.06.2017).

Yours Faithfully,
**JAYASREE M**

**UNDER SECRETARY**
*For Secretary to Government.*

Approved for Issue,

Beena

Section Officer.

**കേരള സർക്കാർ**

നം.എൽ.ബി.ആർ.ഡി-ഇ 2/40/2017/എൽ.ബി.ആർ.ഡി

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്,
തിരുവനന്തപുരം, തീയതി: 25.04.2017.

**സർക്കുലർ**

വിഷയം:- ഇ.പി.എഫ്. എൻറോൾമെന്റ് ക്യാമ്പയിൻ 2017-പ്രചരണം-സംബന്ധിച്ച്

.....

കൂടുതൽ തൊഴിലാളികളെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ , 'എംപ്ലോയീസ് എൻറോൾമെന്റ് കാമ്പയിൻ 2017' എന്ന പേരിൽ ഒരു ക്യാമ്പയിൻ 01.01.2017 മുതൽ 31.03.17 വരെയുള്ള കാലയളവിൽ നടത്തുകയുണ്ടായി. പ്രസ്തുത ക്യാമ്പയിൻ 01.04.17 മുതൽ 3 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. 01.04.09 മുതൽ 31.12.16 വരെയുള്ള കാലയളവിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗമാകാത്തതും അംഗത്വം പുതുക്കാത്തതുമായ തൊഴിലാളികൾക്ക് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം എടുക്കാനുള്ള അവസരമാണ് ഈ ക്യാമ്പയിൻ വഴി ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത പദ്ധതിയിൻ കീഴിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വമെടുക്കുമ്പോൾ താഴെ പറയുന്ന ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ട്.

1. തൊഴിലുടമ തൊഴിലാളിവിഹിതം ഇതുവരെയും അടച്ചിട്ടില്ലായെങ്കിൽ ആയത് വേണ്ടെന്ന് വയ്ക്കുന്നതാണ്.

2. 2017-ൽ നടക്കുന്ന എൻറോൾമെന്റ് യത്നത്തിന്റെ ഭാഗമായി സ്വയം പ്രഖ്യാപനം നടത്തുന്ന തൊഴിലുടമകൾ നൽകേണ്ട പിഴ പ്രതിവർഷം ഒരു രൂപ എന്ന നിരക്കിലായിരിക്കും.

3. ഈ പദ്ധതിയിൻ കീഴിൽ വിഹിതം അടയ്ക്കുന്നവരിൽ നിന്നും ഭരണപരമായ ചാർജ്ജുകൾ ഈടാക്കുന്നതല്ല. [www.epfindia.gov.in or www.epfindia.com] എന്ന വെബ്സൈറ്റിൽ വിശദവിവരങ്ങൾ ലഭ്യമാണ്.

ഈ സാഹചര്യത്തിൽ ഇപ്പോൾ നടന്നു വരുന്ന എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് എൻറോൾമെന്റ് കാമ്പയിൻ-2017 പ്രയോജനപ്പെടുത്തി തങ്ങളുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലേയും പരമാവധി തൊഴിലാളികളെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളാക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കേണ്ടതാണ്.

ടോം ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
തൊഴിൽ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ലേബർ കമ്മീഷണർ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.